**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1403** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെയും ആയമാരുടെയും ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെയും പ്രസ്തുത സ്കൂളുകളിൽ പരിശീലനവും പഠനവും നടത്തുന്ന കുട്ടികളുടെയും ജോലി ചെയ്യുന്ന അദ്ധ്യാപകരുടെയും ആയമാരുടെയും എണ്ണം വ്യക്തമാക്കുമോ; | (എ) | 2024-2025 വർഷം പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ 7 സർക്കാർ സ്പെഷ്യൽ സ്കൂളുകളിൽ 268 വിദ്യാർത്ഥികളും 36 എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിൽ 2530 വിദ്യാർത്ഥികളും പഠനം നടത്തുന്നു. സർക്കാർ സ്പെഷ്യൽ സ്കൂളുകളിൽ 68 അദ്ധ്യാപകരും 08 ആയമാരും എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിൽ 461 അദ്ധ്യാപകരും 35 ആയമാരും സേവനം അനുഷ്ഠിക്കുന്നുണ്ട്. 2024-2025 വർഷത്തിൽ സാമ്പത്തിക സഹായത്തിനായി പോർട്ടൽ വഴി ലഭിച്ച അപേക്ഷകൾ പ്രകാരം വിവിധ എൻ.ജി.ഒ കൾ നടത്തുന്ന 271 സ്പെഷ്യൽ സ്കൂളുകളിൽ ആകെ 22,417 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 1:8 അനുപാതത്തിൽ 2802 അദ്ധ്യാപകരും 1:15 അനുപാതത്തിൽ 1494 ആയമാരും പ്രസ്തുത സ്ഥാപനങ്ങളിൽ നിലനിൽക്കുന്നു. |
| (ബി) | പ്രസ്തുത അദ്ധ്യാപകർക്കും ആയമാർക്കും മുടങ്ങാതെ ശമ്പളം ഉറപ്പുവരുത്തുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും സ്പാർക്ക് മുഖേന ശമ്പളം നൽകി വരുന്നു. വിവിധ എൻ.ജി.ഒ-കൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കുമുള്ള വേതനം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി സ്പെഷ്യൽ സ്കൂൾ പാക്കേജ് മുഖേന ധനസഹായം നൽകി വരുന്നു. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള സ്കൂളുകൾക്കാണ് ഇത്തരത്തിൽ ധനസഹായം നൽകുന്നത്. |
| (സി) | ബഡ്സ് സ്കൂളുകൾക്ക് പഞ്ചായത്തുവഴി ഫണ്ട് അനുവദിച്ചു നൽകുന്നതുപോലെ ഇവർക്കും | (സി) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | പഞ്ചായത്തുകൾ വഴി ഫണ്ട് നൽകുന്നത് പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ